ഉത്തരം

(എ,ബി,സി&ഡി) കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള നിർദ്ദിഷ്ട സുവർണ്ണ ചതുഷ്കോണത്തിൽ സംസ്ഥാനത്തെയും ഉൾപ്പെടുത്താനായി പ്രസ്തുത പാത ചെന്നൈയിൽ നിന്ന് കന്യാകുമാരി, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, മംഗലാപുരം, മർഗോവ വഴി ബോംബേയ്ക്ക് പോകണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പുമന്ത്രിയും കേരളത്തിലെയും സമീപ സംസ്ഥാനങ്ങളിലെയും എം.പി.മാരും ചേർന്ന് 6-12-1999-ൽ പ്രധാനമന്ത്രിയെ കണ്ട് നിവേദനം സമർപ്പിച്ചിട്ടുണ്ട്. കേരളത്തിൽ ഇതിന് ഉദ്ദേശം 650 കി.മീറ്റർ നീളം വരുന്നതാണ്. വിശദമായ പ്ലാൻ തയ്യാറാക്കിയിട്ടില്ല. നിവേദനത്തിൽമേൽ കേന്ദ്രസർക്കാരിന്റെ നിലപാട് സംസ്ഥാനത്തെ അറിയിച്ചിട്ടില്ല.

**മരാമത്ത് റോഡുകൾക്ക് നബാർഡിൽ നിന്നും സാമ്പത്തിക സഹായം**

**62 (1310)** ശ്രീ. കെ. സി. ജോസഫ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ നിർമ്മാണ പ്രവർത്തനത്തിനായി നബാർഡിൽ നിന്നും സാമ്പത്തിക സഹായം വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതുവരെ 17 റോഡുകൾക്കായി 2207 ലക്ഷം രൂപ നബാർഡിൽ നിന്നു ലഭിച്ചിട്ടുണ്ട്. കൂടുതൽ റോഡുകൾക്ക് സഹായം ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഇരുമ്പനം-കളമശ്ശേരി റോഡ്**

**63 (1311)** ശ്രീ. കെ. മുഹമ്മദാലി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരുമ്പനം-കളമശ്ശേരി റോഡ് നെടുമ്പാശ്ശേരി വിമാനത്താവളം വഴി അങ്കമാലി വരെ നീട്ടുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിയുടെ അലൈൻമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കളമശ്ശേരി വരെ എത്തിനിൽക്കുന്ന ഈ റോഡ് നീട്ടുന്നതിനായി അവിടെനിന്നും ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാതെ ആലുവാ ഭാഗത്തുനിന്ന് ഭൂമി ഏറ്റെടുക്കുന്നതിന് നടപടികൾ ആരംഭിച്ചിരിക്കുന്നതിനാൽ ഈ പദ്ധതി പ്രയോജന രഹിതമായി തീരുമെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) അശോകപുരം ടെക്സ്റ്റയിൽ ജംഗ്ഷൻ മുതൽ മഹിളാലയം ജംഗ്ഷൻ വരെയുള്ള ഭാഗത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇരുമ്പനം മുതൽ എച്ച്.എം.റ്റി വരെ ഭാഗികമായി പണി തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly